# തിരുവനന്തപുരം ആരോഗ്യ വകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിലെ അഡീഷണൽ ഡയറക്ടറുടെ (മെഡിക്കൽ &ഹോസ്പിറ്റൽ അഡ്മിനിസ്ട്രേഷൻ) നടപടിക്രമം

---

വിഷയം:- ആവഡ - ജീവനക്കാര്യം - നഴ്സിംഗ് ഓഫീസർ ഗ്രേഡ് 1 തസ്തികയിൽ നിന്നും സീനിയർ നഴ്സിംഗ് ഓഫീസർ തസ്തികയിലേക്ക് സ്ഥാനക്കയറ്റം അനുവദിച്ചു ഉത്തരവ് പുറപ്പെടുവിക്കുന്നു

പരാമർശം:- 1..ഉത്തരവ് നമ്പർ ഇ എസ് 3-6621/22/ആവഡ തീയതി 27/6/2023
2 ഉത്തരവ് നമ്പർ ഇ ഇ 5 -17587/2024/ആവഡ തീയതി 14/11/2024

**ഉത്തരവ് നം :ഇ ഇ 5 -17587/2024/ആവഡ തീയതി: 18-11-2024**

---

നഴ്സിംഗ് ഓഫീസർ ഗ്രേഡ് 1 തസ്തികയിൽ നിന്നും സീനിയർ നഴ്സിംഗ് ഓഫീസർ തസ്തികയിലേക്ക് പരാമർശം 1 പ്രകാരമുള്ള സീനിയോറിറ്റി പട്ടികയിലെ റാങ്ക് നമ്പർ 446 വരെയുള്ള ജീവനക്കാർക്ക് സ്ഥാനക്കയറ്റം നൽകി പരാമർശം 2 പ്രകാരം ഉത്തരവായിട്ടുള്ളതാണ് . ഡെപ്യൂട്ടി നഴ്സിംഗ് സൂപ്രണ്ടിന്റെ സ്ഥാനക്കയറ്റം നടന്നത് വഴി സീനിയർ നഴ്സിംഗ് ഓഫീസർ തസ്തികയിൽ മൂന്ന് ഒഴിവു കൂടി ഉണ്ടായിട്ടുണ്ട് . ഈ ഒഴിവുകളിലേക്ക് റാങ്ക് നമ്പർ 447 മുതൽ 449 വരെയുള്ള നഴ്സിംഗ് ഓഫീസർ ഗ്രേഡ് 1 തസ്തികയിലെ ജീവനക്കാർക്ക് 45600-95600 ശമ്പള സ്കെയിലിൽ സീനിയർ നഴ്സിംഗ് ഓഫീസർ തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകി ഉത്തരവാകുന്നു .

| SL No | Rank No as per ref no 1 | Name,PEN & present station | Promoted & posted to | Remarks |
|---|---|---|---|---|
| | 447 | FATHIMA SUHRA.K.S<br>238489<br>THQH Pulinkunnu | CHC Muthukulam | |

| | | | | |
|---|---|---|---|---|
| | | Alappuzha | Alappuzha | |
| | 448 | JAMEELA.A<br>270092<br>THQH Kanjirapally<br>Kottayam | THQH<br>Kottarakkara<br>Kollam | |
| | 449 | USHAKUMARI.P.K<br>238272<br>CHC Kallooppara<br>Pathanamthitta | General<br>Hospital<br>Pathanamthitta | |

ഉപതെരഞ്ഞെടുപ്പിന്റെ പെരുമാറ്റ ചട്ടം നിലനിൽക്കുന്നതിനാൽ സീനിയർ നഴ്സിംഗ് ഓഫീസർ തസ്തികയിലെ സീനിയർ ആയ ജീവനക്കാരുടെ സ്ഥലം മാറ്റ അപേക്ഷകൾ പരിഗണിക്കുവാൻ നിലവിൽ സാധിക്കുകയില്ല . നഴ്സിംഗ് ഓഫീസർ തസ്തികയിലെ പി എസ് സി റാങ്ക് ലിസ്റ്റ് നവംബർ മാസം മുതൽ അവസാനിക്കുകയാണ് . ആയതിനാൽ സീനിയർ നഴ്സിംഗ് ഓഫീസർ തസ്തികയിലെ സീനിയർ ആയ ജീവനക്കാരുടെ സ്ഥലം മാറ്റ അപേക്ഷകൾ പരിഗണിക്കാതെ നഴ്സിംഗ് ഓഫീസർ ഗ്രേഡ് 1 സീനിയോറിറ്റി പട്ടികയിൽ അടുത്തതായുള്ള ജീവനക്കാർക്ക് സ്ഥാനക്കയറ്റം നൽകി പട്ടികയിൽ ഉൾപ്പെടുത്തി നിലവിൽ ഒഴിവുള്ള സ്ഥാപനങ്ങളിൽ നിയമിക്കുകയാണ് ചെയ്തിട്ടുള്ളത് .ആയതിനാൽ സ്ഥാനക്കയറ്റപട്ടികയിൽ ഉൾപ്പെട്ട ജീവനക്കാരുടെ അതാതു സ്ഥാപനങ്ങളിലേക്കുള്ള നിയമനം താത്കാലികമായിരിക്കും .ഉപ തെരെഞ്ഞെടുപ്പിന്റെ പെരുമാറ്റ ചട്ടം അവസാനിക്കുമ്പോൾ സീനിയർ ആയ സീനിയർ നഴ്സിംഗ് ഓഫീസർ ജീവനക്കാരുടെ സ്ഥലം മാറ്റ അപേക്ഷ പരിഗണിച്ചു സ്ഥലം മാറ്റം അനുവദിക്കുമ്പോൾ ആവശ്യമെങ്കിൽ ടി സ്ഥാനക്കയറ്റ പട്ടികയിൽ ഉൾപ്പെട്ട ജീവനക്കാർക്ക് അനുവദിച്ച സ്ഥാപനം പുനഃക്രമീകരിക്കുന്നതാണ് .ആയതിനാൽ ടി പട്ടികയിൽ ഉൾപ്പെട്ട ജീവനക്കാർക്ക് അവർക്കു നിലവിൽ അനുവദിച്ചിട്ടുള്ള സ്ഥാപനത്തിൽ തുടരണമെന്ന അവകാശ വാദം ഉന്നയിക്കാൻ കഴിയുന്നതല്ല .

സീനിയർ നഴ്സിംഗ് ഓഫീസർ തസ്തികയിൽ സ്ഥാനക്കയറ്റം ലഭിച്ച ജീവനക്കാർ രണ്ടു വർഷത്തെ സേവന കാലയളവിനുള്ളിൽ ഒരു വർഷത്തെ പ്രൊബേഷൻ കാലയളവ് പൂർത്തിയാക്കേണ്ടതാണ് . ഉദ്യോഗക്കയറ്റം ലഭിച്ച ജീവനക്കാരെ സ്ഥാപനത്തിൽ നിന്നും വിടുതൽ ചെയ്യുന്നതിന് മുൻപ് ഇവർക്കെതിരെ അച്ചടക്ക നടപടി നിലവിൽ ഇല്ലായെന്ന് സ്ഥാപനമേധാവികൾ ഉറപ്പു വരുത്തേണ്ടതാണ് . ജോലിയിൽ നിന്നും വിടുതൽ ചെയ്ത തീയതിയും സ്ഥാനക്കയറ്റ തസ്തികയിൽ ജോലിയിൽ പ്രവേശിച്ച തീയതിയും ഈ ഓഫീസിൽ അറിയിക്കേണ്ടതാണ്

ആരോഗ്യ വകുപ്പ് ഡയറക്ടറുടെ ഔദ്യോഗിക വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടുള്ള ഈ ഉത്തരവിന്റെ പകർപ്പ് വിടുതൽ പ്രവേശന നടപടികൾക്കുള്ള ഔദ്യോഗിക രേഖയായി ഉപയോഗിക്കാവുന്നതാണ് .

Signed by
Nandakumar.k.v
Date: 18-11-2024 17:23:48

അഡീഷണൽ ഡയറക്ടർ (മെഡിക്കൽ &

ഹോസ്പിറ്റൽ അഡ്മിനിസ്ട്രേഷൻ)

സ്വീകർത്താവ്: ബന്ധപ്പെട്ട ജീവനക്കാർ
പകർപ്പ്:
1) ബന്ധപ്പെട്ട ജില്ലാ മെഡിക്കൽ ഓഫീസർമാർ (ആരോഗ്യം),
2) ബന്ധപ്പെട്ട സ്ഥാപന മേധാവികൾ
3) ആരോഗ്യ വകുപ്പ് ഡയറക്ടറുടെ ഔദ്യോഗിക വെബ് സൈറ്റ്